(സി) ഇത്തരം പാറമടകൾ നടത്തുന്നവർക്കെതിരെ ജയിൽശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷാവിധികൾ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ് പാറമടകളുടെ പ്രവർത്തനം നിരീക്ഷിക്കാറുണ്ട്.

(ബി) സംസ്ഥാനത്ത് അനധികൃത പാറമടകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 1967-ലെ കേരള മൈനർ മിനറൽ ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഒരു വർഷം വരെ തടവ് അല്ലെങ്കിൽ 5000 രൂപവരെ പിഴയോ ഇവ രണ്ടുമോ ശിക്ഷയായി നൽകുവാൻ വ്യവസ്ഥയുണ്ട്.

**പരിസ്ഥിതിലോല പ്രദേശങ്ങളിലെ ക്വാറികളുടെ പ്രവർത്തനം**

251 (6401) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതിലോലമെന്ന് കണ്ടെത്തിയ വില്ലേജുകളിൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടോയെന്നും എങ്കിൽ എത്ര വില്ലേജുകളിൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) പരിസ്ഥിതിലോലമെന്നു കണ്ടെത്തിയ വില്ലേജുകളിലെ ക്വാറികളുടെ പ്രവർത്തനം നിരോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ക്വാറികൾ ആരംഭിക്കുന്നതിന് പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിസ്ഥിതി ലോലമെന്നു കണ്ടെത്തിയ മേഖലകളിൽ ഏതെങ്കിലും ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 20-5-2014-ലെ കണക്കനുസരിച്ച് പരിസ്ഥിതിലോലമെന്ന് കണ്ടെത്തിയ 48 വില്ലേജുകളിൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 13.11.2013-ലെ ഓഫീസ് മെമ്മോറാണ്ടം നിഷ്കർഷിച്ചപ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഒരു വർഷം വരെ കാലാവധിയുള്ള ക്വാറിയിങ് പെർമിറ്റുകൾ കാലാവധി തീരുന്ന മുറയ്ക്ക് നിർത്തലാക്കണമെന്നും ക്വാറിയിംഗ് ലീസുകളുടെ കാലാവധി അവസാനിക്കുകയോ, 17-4-2013 മുതൽ 5 വർഷമോ ഏതാണ് ആദ്യം വരുന്ന മുറയ്ക്ക് ക്വാറികളുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതാണെന്നും 21-11-2013-ന് മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറേറ്റിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ അനധികൃത ക്വാറികളും അടച്ചുപൂട്ടാൻ 30-5-2014-ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലൂടെ (G.O(Ms) No.07/14/Envt) എല്ലാ ജില്ലാകളക്ടർമാർക്കും മൈനിംഗ് ആന്റ് ജിയോളജി, പഞ്ചായത്ത് വകുപ്പുകൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ക്വാറികൾ ആരംഭിക്കുന്നതിന് പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ വ്യവസായ വകുപ്പ് അത്തരം അനുമതി നേടുന്നതിന് 10-1-2014-ലെ ഉത്തരവ് വഴി ഒരു വർഷത്തെ ഇളവു നൽകിയിട്ടുണ്ട്.

(ഡി) പരിസ്ഥിതിലോലമെന്നു കണ്ടെത്തിയ മേഖലകളിൽ 21-11-2013-ന് ശേഷം ഖനനാനുമതികൾ പുതുക്കി നൽകിയിട്ടില്ല.

## കായികവികസനത്തിനുള്ള പുതിയ പദ്ധതികൾ

252 (6402) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക വികസനത്തിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ഗോ ഫോർ ഗോൾഡ് എന്ന പദ്ധതിയിലൂടെ സർക്കാർ വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും, ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ ;

(സി) വിഷൻ ഇന്ത്യാ പദ്ധതി, സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി, വിദ്യാർത്ഥികൾക്കുള്ള നീന്തൽ പരിശീലന പദ്ധതി എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ) കായികവികസനം ലക്ഷ്യമിട്ട് കായിക യുവജനകാര്യവകുപ്പ് പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ, ഫിസിക്കൽ ആക്ടിവിറ്റി പ്രോഗ്രാം ഫോർ അഡൾറ്റ്സ് എന്നീ പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. കുട്ടികളെ കായിക വിനോദങ്ങളിൽ ഉൾപ്പെടുത്തി അതിലൂടെ കായികക്ഷമതയുള്ളവരാക്കി തീർക്കുന്നതിനാണ് പ്ലേ എ ഗെയിം പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇവയ്ക്ക്പുറമേ സ്വിം ആന്റ് സർവൈവ്, വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണം, കമ്മ്യൂണിറ്റി സ്പോർട്സ് എന്നിവയും സ്മൈൽ പദ്ധതിയിലുൾപ്പെടുത്തി താഴെ പറയുന്ന കായികരംഗത്തെ അടിസ്ഥാനസൗകര്യവികസന പദ്ധതികളും നടപ്പിലാക്കിവരുന്നു.

1. നവീന സ്വിമ്മിംഗ് പൂളുകളുടെ നിർമ്മാണം
2. സിന്തറ്റിക് റണ്ണിംഗ് ട്രാക്കോടുകൂടിയ ലോങ്ങ് ജംപ് പിറ്റുകൾ
3. 4 വരിയുള്ള സിന്തറ്റിക് ട്രാക്കുകളുടെ നിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly